# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 271  06.01.2014-ൽ മറുപടിയ്ക്ക്**

**<u>കാസർകോട് ജില്ലയിലെ വർഗ്ഗീയ സംഘർഷങ്ങൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കഴിഞ്ഞ 10 വർഷത്തിനിടയിൽ കാസർകോട് ജില്ലയിൽ എത്ര വർഗ്ഗീയ സംഘർഷങ്ങളാണ് ഉണ്ടായിട്ടുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ; | (എ) കഴിഞ്ഞ 10 വർഷത്തിനിടയിൽ കാസർകോട് ജില്ലയിൽ വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായിട്ടില്ല. കഴിഞ്ഞ 10 വർഷത്തിനിടയിലുള്ള കാലയളവിൽ കാസർകോട് ജില്ലയിൽ മത സ്പർദ്ധമൂലം വ്യത്യസ്ത മത വിശ്വാസികൾ തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടായിട്ടുള്ളതാണ്. പ്രസ്തുത സംഘട്ടനങ്ങൾക്കും മറ്റുമായി സെക്ഷൻ 153 (A) പ്രകാരം 493 കേസുകൾ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി കേസുകൾക്ക് ആസ്പദമായ സംഭവങ്ങളൊന്നും വർഗ്ഗീയ സംഘർഷമായി പരിണമിച്ചിട്ടില്ല. |
| ബി) ഇതിൽ എത്ര കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു ; | (ബി), (സി), (ഡി), & (ഇ) ബാധകമല്ല. |
| സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തു ; | |
| ഡി) എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നും പിൻവലിക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ; | |
| ഇ) വർഗ്ഗീയ സംഘർഷവുമായി ബന്ധപ്പെട്ട് എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ? | |

സെക്ഷൻ ഓഫീസർ